15000

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമനത്തിനു കീഴിലും ഫാക്ടറീസ് നിയമത്തിനു കീഴിലും വരുന്ന സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് - സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ. (കൈ) നം.64/2017/തൊഴിൽ — തിരുവനന്തപുരം, തീയതി, 17/08/2017.

---

പരാമർശം:- 1) 9.5.17-ലെ സ.ഉ.(സാധാ) നം.614/2017/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.

2) ലേബർ കമ്മീഷണറുടെ 28.07.2017-ലെ ജി.(2) 18006/2016 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ വ്യാപാര-വ്യവസായ-വാണിജ്യ സ്ഥാപനങ്ങളേയും ഫാക്ടറികളെയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗ്രേഡിംഗിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ടെന്ന് പരാമർശം 2 പ്രകാരം ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൻ കീഴിലും ഫാക്ടറീസ് നിയമത്തിൻ കീഴിലും വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും താഴെപ്പറയും പ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

**സംസ്ഥാനതല കമ്മിറ്റി**

| | | |
|---|---|---|
| ബഹു.തൊഴിൽ വകുപ്പ് മന്ത്രി | - | അദ്ധ്യക്ഷൻ |
| ലേബർ കമ്മീഷണർ | - | കൺവീനർ |
| തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | - | മെമ്പർ |
| ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് | - | മെമ്പർ |
| സെന്റർ ഫോർ ഡവലപ്മെന്റ് മാനേജ്മെന്റ് പ്രതിനിധി | - | മെമ്പർ |

**ജില്ലാതല കമ്മിറ്റി**

| | | |
|---|---|---|
| ജില്ലാ ലേബർ ഓഫീസർ (ഇ) | - | അദ്ധ്യക്ഷൻ |
| ജില്ലാ ലേബർ ഓഫീസർ (ജി) | - | മെമ്പർ |
| ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ | - | മെമ്പർ |

3) എൻഫോഴ്സ്മെന്റ്, ജനറൽ വിഭാഗങ്ങളിൽ പ്രത്യേക ജില്ലാ ഓഫീസർമാർ നിലവിൽ ഇല്ലാത്ത ജില്ലകളിൽ (വയനാട്, ഇടുക്കി, പത്തനംതിട്ട) ജില്ലാതല കമ്മിറ്റിയിൽ ജില്ലാ ലേബർ ഓഫീസർ അദ്ധ്യക്ഷനും ഡെപ്യൂട്ടി ലേബർ ഓഫീസർ അംഗവും ആയിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടോം ജോസ്,

അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

എല്ലാ ജില്ലാ ലേബർ ഓഫീസർ (ഇ/ജി) മാർക്കും

(ലേബർ കമ്മീഷണർ മുഖേന)

എല്ലാ ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർമാർക്കും

(ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.